**<u>കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അസിസ്റ്റന്റ് (Kannada Knowing) തസ്തികയിലേയ്ക്ക് (Cat. No.46/2016) 03.08.2019 തീയതിയിൽ കമ്മീഷൻ നടത്തുന്ന വിവരണാത്മക പരീക്ഷ സംബന്ധിച്ച്</u>**

1) കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അസിസ്റ്റന്റ് (Kannada Knowing) തസ്തികയിലേയ്ക്ക് (Cat. No.46/2016) 03.08.2019 തീയതിയിൽ കമ്മീഷൻ നടത്തുന്ന വിവരണാത്മക പരീക്ഷയ്ക്ക് നിലവിൽ കമ്മീഷൻ നടത്തുന്ന വിവരണാത്മക പരീക്ഷയിൽ നിന്നും വ്യത്യസ്തമായി ചോദ്യവും അതോടൊപ്പം തന്നെ ഉത്തരവും എഴുതുന്ന രീതിയിലുള്ള Question Cum Answer Booklet ആണ് ഉപയോഗിക്കുന്നത്.

2) ഈ ചോദ്യോത്തര പുസ്തകത്തിന്റെ (Question Cum Answer Booklet) ഒന്നാമത്തെ പേജ് ഒരു OMR ഷീറ്റ് ആണ്. ഇതിന് Part I, Part II എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. പാർട്ട് - I ൽ ഉദ്യോഗാർത്ഥികൾ യാതൊരു വിധത്തിലുള്ള രേഖപ്പെടുത്തലും വരുത്തുവാൻ പാടില്ല. പാർട്ട് - II മാത്രം ശ്രദ്ധയോടെ പൂരിപ്പിക്കണം. പാർട്ട് - II നീലയോ കറുപ്പോ നിറമുള്ള മഷിയുപയോഗിച്ചുള്ള ബോൾ പോയിന്റ് പേന ഉപയോഗിച്ച് മാത്രമേ പൂരിപ്പിക്കാവൂ. ഫൗണ്ടൻപേന, സ്കെച്ച് പേന, പെൻസിൽ തുടങ്ങിയവ അനുവദനീയമല്ല. ഇതിന് വിരുദ്ധമായി ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.

3) റോൾ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള കുമിളകൾ കൃത്യമായും പൂർണ്ണമായും കറുപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക തിരുത്തലുകൾ അനുവദനീയമല്ല.

4) ചോദ്യോത്തര പുസ്തകത്തിലെ (Question Cum Answer Booklet) OMR ഷീറ്റ് പാർട്ട്- II ൽ റോൾ നമ്പർ, പരീക്ഷയുടെ പേര് തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായുള്ള സ്ഥാനത്ത് മാത്രം അവ രേഖപ്പെടുത്തണം. ചോദ്യോത്തരപുസ്തകത്തിലെ മറ്റൊരു ഭാഗത്തും ഉദ്യോഗാർത്ഥികൾ തങ്ങളുടെ റോൾ നമ്പർ എഴുതുകയോ തങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതരത്തിലുള്ള ഏതെങ്കിലും രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യരുത്. ഇതിന് വിരുദ്ധമായി, ചോദ്യോത്തര പുസ്തകത്തിലെ OMR ഷീറ്റിലെ പാർട്ട് - II ൽ റോൾ നമ്പർ എഴുതുന്നതിനായുള്ള നിശ്ചിതസ്ഥാനത്തല്ലാതെ ചോദ്യോത്തര പുസ്തകത്തിലെ മറ്റേതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ തങ്ങളെ തിരിച്ചറിയാനുതകുന്ന തരത്തിലുള്ള മറ്റേതെങ്കിലും രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെയും നിശ്ചിത സ്ഥാനത്ത് റോൾ നമ്പർ വ്യക്തമായും കൃത്യമായും രേഖപ്പെടുത്താത്ത ഉദ്യോഗാർത്ഥികളുടെയും ചോദ്യോത്തര പുസ്തകങ്ങൾ അസാധുവാക്കുന്നതാണ്.

5) ഉദ്യോഗാർത്ഥികൾ തങ്ങളുടെ പേര്, റോൾ നമ്പർ, അഡ്രസ്സ് തുടങ്ങി തങ്ങളെ തിരിച്ചറിയുവാൻ സഹായിക്കുന്നതരത്തിലുള്ള ഏതെങ്കിലും വിവരങ്ങൾ, ചോദ്യോത്തര പുസ്തകത്തിലെ OMR ഷീറ്റിലെ പാർട്ട് - II ൽ തൽസംബന്ധമായ ഏതെങ്കിലും വിവരങ്ങൾ പൂരിപ്പിക്കേണ്ട നിശ്ചിതസ്ഥാനത്തൊഴികെ, ചോദ്യോത്തര പുസ്തകത്തിലെ മറ്റൊരു ഭാഗത്തും അവ എഴുതുകയോ ഏതെങ്കിലും തരത്തിലുള്ള രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്യരുത്.

6) ചോദ്യോത്തര പുസ്തകത്തിലെ OMR ഷീറ്റ് ഉൾപ്പടെ എവിടെയും പ്രിന്റ് ചെയ്തിരിക്കുന്ന

ബാർകോഡിൽ ഒരു കാരണവശാലും കീറുകയോ തിരുത്തലുകളോ മാർക്കുകളോ വരുത്തുകയോ ചെയ്യാൻ പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗാർത്ഥികളുടെ ചോദ്യോത്തര പുസ്തകങ്ങൾ അസാധുവാക്കുന്നതാണ്.

7) OMR ഷീറ്റുൾപ്പെടെയുള്ള ചോദ്യോത്തര പുസ്തകം എക്സാമിനേഷൻ ഹാളിലെ ഇൻവിജിലേറ്റർക്ക് കൈമാറിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥികൾ പരീക്ഷാഹാൾ വിട്ട് പുറത്ത് പോകാവൂ. ***OMR ഷീറ്റിന്റെ Part I, Part II ഭാഗങ്ങൾ വേർപ്പെടുത്തരുത്.*** OMR ഷീറ്റ് ഉൾപ്പെടുയുള്ള ചോദ്യോത്തര പുസ്തകം ഇൻവിജിലേറ്റർക്ക് കൈമാറണം.

8) ചോദ്യോത്തര പുസ്തകത്തിൽ ഓരോ ചോദ്യത്തിനെ തുടർന്ന് അനുവദിച്ചിട്ടുള്ള നിശ്ചിത സ്ഥലത്ത് മാത്രമേ ഉത്തരം രേഖപ്പെടുത്തുവാൻ പാടുള്ളൂ. ഇത്തരത്തിൽ ഉത്തരങ്ങൾ എഴുതുവാനുള്ള നിശ്ചിത സ്ഥലത്തിൽ നാലുവശങ്ങളിലും Border Lines ഉണ്ടായിരിക്കും. ഈ നാല് Border Line കൾക്കുള്ളിൽ നിശ്ചിത അകലത്തിൽ നൽകിയിട്ടുള്ള വരികളിലാണ് ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഓരോ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങളെഴുതുവാനായി മേൽപറഞ്ഞ രീതിയിൽ അനുവദിച്ചിട്ടുള്ള സ്ഥലത്ത് മാത്രമേ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളൂ. നിശ്ചിത സ്ഥലത്തിന് പുറത്ത് ഒന്നും തന്നെ രേഖപ്പെടുത്തരുത്.

9) Rough Work കൾ ആയതിനായി നൽകിയിരിക്കുന്ന പേജിൽ മാത്രമേ ചെയ്യുവാൻ പാടുള്ളൂ.

10) മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകൾ നിരുപാധികമായി അസാധുവാക്കപ്പെടുന്നതാണ്.